**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 702**

**30/06/2015-ൽ മറുപടി പറയേണ്ടിയിരുന്നത്**
**[സമ്പൂർണ്ണ മറുപടി]**

## സുരക്ഷാ കേരളം പദ്ധതി -അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.കെ.എസ്.സലീഖ** | | **(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി)** | |
| എ) | സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി 2014-15 വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും, ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | എ) | സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>1. സംസ്ഥാന വ്യാപകമായി 2 പ്രാവശ്യം ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലത്തും ജോലി ചെയ്യുന്ന സ്ഥലങ്ങളിലും പരിശോധന നടത്തി.<br>2. ആഹാരത്തിലൂടെ പകരുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സംസ്ഥാന വ്യാപകമായി 3 പ്രാവശ്യം പരിശോധന നടത്തി.<br>3. സംസ്ഥാന വ്യാപകമായി 2 പ്രാവശ്യം സ്വകാര്യ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മഞ്ഞപ്പിത്തം ബി, സി എന്നിവ നിയന്ത്രിക്കുന്നതിനുമായ പരിശോധന നടത്തി.<br>4. വീടുകൾ, സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു പ്രാവശ്യം പരിശോധന നടത്തി.<br>5. സ്കാനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് സംസ്ഥാന വ്യാപകമായി ഒരു പ്രാവശ്യം പരിശോധന നടത്തി.<br>6. സ്കൂളുകളിലെ ശുചിത്വ/കുടിവെള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും മറ്റുമായി 3 പ്രാവശ്യം സംസ്ഥാന വ്യാപകമായി പരിശോധന നടത്തി.<br>7. സുരക്ഷാ കേരളം പരിപാടിയുടെ |

➡

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ വച്ച് സമീപ ജില്ലകളെ യോജിപ്പിച്ച് അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു

സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി 2014-2015 വർഷം നടത്തിയ പ്രവർത്തനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർ, അഡീഷണൽ/ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, മെഡിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഹെൽത്ത് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരുന്നത്.

**ബി)** 2014-15 വർഷം എത്ര പരിശോധനകൾ നടത്തി; ഏതെല്ലാം മേഖലകളിൽ; ഇവയിൽ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ എത്ര; പ്രസ്തുത ക്യാമ്പുകളിൽ താമസിച്ചുവന്ന തൊഴിലാളികൾ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

**ബി)** താഴെപ്പറയുന്ന മേഖലകളിൽ പരിശോധന നടത്തി

| | |
|---|---|
| സ്കൂൾ | 3 തവണ |
| ഹോട്ടലുകൾ, റസ്റ്റോറന്റുകൾ | 3 തവണ |
| വീടുകൾ, മറ്റു സ്ഥാപനങ്ങൾ | 1 തവണ |
| സ്കാനിംഗ് സെന്ററുകൾ | 1 തവണ |
| ലാബുകൾ | 2 തവണ |
| ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പ് | 2 തവണ |

16797 അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധന നടത്തി.
ക്യാമ്പുകളിൽ താമസിച്ച് വന്ന തൊഴിലാളികളുടെ എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.

**സി)** പ്രസ്തുത പരിശോധനയിൽ ഏതെല്ലാം രോഗങ്ങൾ പേറുന്ന എത്ര പേരെ കണ്ടെത്തി; എന്തെല്ലാം സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി എന്നും ഇവിടങ്ങളിൽ നടത്തിയ തുടർ പ്രവർത്തനങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ;

**സി)** രോഗം സംശയിക്കുന്നവരുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. രോഗം സംശയിക്കുന്നവരുടെ തുടർ പരിശോധന അതാത് സ്ഥലത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടത്തി. രോഗം സ്ഥിരീകരിച്ചവർക്ക് ചികിൽസയും, കൂടാതെ രോഗ നിയന്ത്രണത്തിനുള്ള പ്രവർത്തനങ്ങളും നടത്തി.

**ഡി)** 2014-15 വർഷം നടത്തിയ

**ഡി)** നോട്ടീസ് നൽകിയ ക്യാമ്പുകളുടെ വിശദ

| | | | |
|---|---|---|---|
| | പരിശോധനകളിൽ എത്ര ക്യാമ്പുകൾക്ക് നോട്ടീസ് നൽകി; എത്ര ക്യാമ്പുകൾ പൂട്ടി; നോട്ടീസ് നൽകിയവകളിൽ നടത്തിയ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കമോ; | | വിവരം അനുബന്ധം III ആയി ചേർക്കുന്നു. നോട്ടീസ് കാലാവധി തീരുന്നതിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധന നടത്തി വീഴ്ചകൾ പരിഹരിച്ചു എന്ന് ഉറപ്പു വരുത്തി. |
| ഇ) | സുരക്ഷാ കേരളം പദ്ധതി നടത്തിപ്പിനായി സർക്കാർ ലഭ്യമാക്കിയ തുക എത്ര; എത്ര തുക ചെലവാക്കി; വിശദാംശം ലഭ്യമാക്കമോ? | ഇ) | സുരക്ഷാ കേരളം പദ്ധതിയ്ക്കായി പ്രത്യേകം ഫണ്ട് നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

## ഇതരസംസ്ഥാനതൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്

അനുബന്ധം I

| തീയതി | 22/07/14 | | | | | | | 23/05/14 | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **ജില്ലകൾ** | **ആൺ** | **പെൺ** | **കുട്ടികൾ** | | | | **ആകെ** | **ആൺ** | **പെൺ** | **കുട്ടികൾ** | | | | **ആകെ** |
| | | | ഒരു വയസ്സിൽ താഴെ | 1-5 | 6-10 | 11-15 | | | | ഒരു വയസ്സിൽ താഴെ | 1-5 | 6-10 | 11-15 | |
| തിരുവനന്തപുരം | 4609 | 182 | 12 | 69 | 26 | 14 | **4912** | 5594 | 178 | 5 | 54 | 20 | 14 | **5865** |
| കൊല്ലം | 7540 | 535 | 26 | 168 | 54 | 16 | **8339** | 5402 | 491 | 15 | 115 | 51 | 28 | **6102** |
| പത്തനംതിട്ട | 6235 | 535 | 36 | 134 | 44 | 35 | **7019** | 3370 | 179 | 5 | 36 | 21 | 13 | **3624** |
| ആലപ്പുഴ | 3261 | 496 | 25 | 112 | 76 | 55 | **4025** | 3926 | 406 | 20 | 87 | 41 | 20 | **4500** |
| കോട്ടയം | 5188 | 317 | 28 | 91 | 43 | 32 | **5699** | 5004 | 341 | 16 | 69 | 15 | 13 | **5458** |
| ഇടുക്കി | 2153 | 309 | 12 | 53 | 26 | 26 | **2579** | 3625 | 620 | 20 | 145 | 126 | 52 | **4588** |
| എറണാകുളം | 4933 | 702 | 0 | 0 | 0 | 0 | **5635** | 11288 | 313 | 6 | 100 | 62 | 36 | **11805** |
| തൃശ്ശൂർ | 9559 | 716 | 62 | 260 | 115 | 35 | **10747** | 7249 | 653 | 30 | 203 | 77 | 36 | **8248** |
| പാലക്കാട് | 5097 | 560 | 26 | 106 | 51 | 65 | **5905** | 4260 | 582 | 18 | 174 | 76 | 88 | **5198** |
| മലപ്പുറം | 7798 | 54 | 61 | 196 | 81 | 49 | **8239** | 6706 | 584 | 38 | 167 | 168 | 91 | **7754** |
| കോഴിക്കോട് | 3497 | 194 | 17 | 59 | 24 | 15 | **3806** | 5596 | 310 | 30 | 81 | 51 | 54 | **6122** |
| വയനാട് | 1271 | 101 | 3 | 33 | 8 | 2 | **1418** | 1373 | 141 | 5 | 33 | 32 | 107 | **1691** |
| കണ്ണൂർ | 7241 | 831 | 59 | 247 | 111 | 50 | **8539** | 6657 | 702 | 40 | 205 | 117 | 74 | **7795** |
| കാസർഗോഡ് | 3724 | 1179 | 61 | 243 | 174 | 121 | **5502** | 1538 | 499 | 33 | 103 | 98 | 72 | **2343** |
| **ആകെ** | **72106** | **6711** | **428** | **1771** | **833** | **515** | **82364** | **71588** | **5999** | **281** | **1572** | **955** | **698** | **81093** |

**സെക്ഷൻ ഓഫീസർ**

അനുബന്ധം -2

## ഇതരസംസ്ഥാനതൊഴിലാളി ക്യാമ്പുകളിൽ നടത്തിയ പരിശോധനയിൽ രോഗബാധിതരായി കണ്ടെത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ലകൾ | മലമ്പനി സ്ഥിരീകരണത്തിനായി എടുത്ത രക്ത-സാമ്പിളുകൾ (പനി-യുള്ളവരുടെ മാത്രം) | | ആകെ | മന്ത് രോഗം സംശയിക്കുന്നവർ | | ആകെ | ലെപ്രസി രോഗം സംശയിക്കുന്നവർ | | ആകെ | മറ്റ് രോഗികളായി കണ്ടെത്തിയവർ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 23/05/14 | 22/07/14 | | 23/05/14 | 22/07/14 | | 23/05/14 | 22/07/14 | | 23/05/14 | 22/07/14 | |
| 1 | തിരുവനന്തപുരം | 715 | 750 | 1465 | 1 | 3 | 4 | 3 | 0 | 3 | 30 | 15 | 45 |
| 2 | കൊല്ലം | 694 | 1084 | 1778 | 4 | 15 | 19 | 15 | 7 | 22 | 14 | 51 | 65 |
| 3 | പത്തനംതിട്ട | 207 | 293 | 500 | 123 | 131 | 254 | 1 | 10 | 11 | 5 | 79 | 84 |
| 4 | ആലപ്പുഴ | 435 | 241 | 676 | 0 | 1 | 1 | 1 | 0 | 1 | 4 | 4 | 8 |
| 5 | കോട്ടയം | 289 | 413 | 702 | 1 | 1 | 2 | 0 | 3 | 3 | 6 | 23 | 29 |
| 6 | ഇടുക്കി | 119 | 562 | 681 | 6 | 2 | 8 | 0 | 1 | 1 | 13 | 32 | 45 |
| 7 | എറണാകുളം | 501 | 0 | 501 | 0 | 0 | 0 | 2 | 0 | 2 | 12 | 0 | 12 |
| 8 | തൃശ്ശൂർ | 453 | 415 | 868 | 0 | 10 | 10 | 2 | 3 | 5 | 16 | 27 | 43 |
| 9 | പാലക്കാട് | 412 | 328 | 740 | 4 | 1 | 5 | 0 | 3 | 3 | 11 | 58 | 69 |
| 10 | മലപ്പുറം | 386 | 875 | 1261 | 10 | 0 | 10 | 2 | 2 | 4 | 20 | 22 | 42 |
| 11 | കോഴിക്കോട് | 573 | 154 | 727 | 0 | 8 | 8 | 0 | 1 | 1 | 7 | 10 | 17 |
| 12 | വയനാട് | 115 | 152 | 267 | 0 | 0 | 0 | 0 | 1 | 1 | 24 | 0 | 24 |
| 13 | കണ്ണൂർ | 412 | 373 | 785 | 0 | 1 | 1 | 2 | 1 | 3 | 1 | 27 | 28 |
| 14 | കാസർഗോഡ് | 255 | 459 | 714 | 1 | 3 | 4 | 0 | 0 | 0 | 9 | 56 | 65 |
| | **ആകെ** | **5566** | **6099** | **11665** | **150** | **176** | **326** | **28** | **32** | **60** | **172** | **404** | **576** |

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

## നോട്ടീസ് നൽകിയിട്ടുള്ള ഇതരസംസ്ഥാനതൊഴിലാളി ക്യാമ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമനം. | ജില്ലകൾ | ആകെ നോട്ടീസുകളുടെ എണ്ണം | | ആകെ | അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ |
|---|---|---|---|---|---|
| | | 22/07/14 | 23/05/14 | | 22/07/14 |
| 1 | തിരുവനന്തപുരം | 99 | 119 | 218 | 1 |
| 2 | കൊല്ലം | 304 | 147 | 451 | 0 |
| 3 | പത്തനംതിട്ട | 194 | 110 | 304 | 6 |
| 4 | ആലപ്പുഴ | 85 | 57 | 142 | 0 |
| 5 | കോട്ടയം | 142 | 110 | 252 | 0 |
| 6 | ഇടുക്കി | 33 | 71 | 104 | 0 |
| 7 | എറണാകുളം | 70 | 86 | 156 | 6 |
| 8 | തൃശ്ശൂർ | 293 | 137 | 430 | 0 |
| 9 | പാലക്കാട് | 55 | 48 | 103 | 1 |
| 10 | മലപ്പുറം | 205 | 89 | 294 | 2 |
| 11 | കോഴിക്കോട് | 164 | 34 | 198 | 2 |
| 12 | വയനാട് | 25 | 19 | 44 | 1 |
| 13 | കണ്ണൂർ | 159 | 100 | 259 | 2 |
| 14 | കാസർഗോഡ് | 68 | 21 | 89 | 2 |
| | **ആകെ** | **1896** | **1148** | **3044** | **23** |

സെക്ഷൻ ഓഫീസർ